**No. CEE/1600/PGN-2020/TA1**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം – 695 001

# പത്രക്കുറിപ്പ്

## പി.ജി നഴ്സിംഗ് കോഴ്സിലേയ്ക്കുള്ള പ്രവേശനം–2020–21

### രണ്ടാം ഘട്ട കേന്ദ്രീകൃത അലോട്ടുമെന്റ്

2020-21 അദ്ധ്യയന വർഷത്തെ എം.എസ്.സി നേഴ്സിംഗ് കോഴ്സിലേയ്ക്ക് ഒഴിവുള്ള സർക്കാർ, സ്വകാര്യ സ്വാശ്രയ നേഴ്സിംഗ് കോളേജുകളിലെ സീറ്റുകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള രണ്ടാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് നടപടിക്രമങ്ങൾ 17.12.2020 ന് ആരംഭിക്കുന്നതാണ്.

അലോട്ട്മെന്റിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾ പ്രസ്തുത അലോട്ട്മെന്റിൽ നിലവിലെ ഹയർ ഓപ്ഷനുകളിലേയ്ക്ക് പരിഗണിക്കപ്പെടേണ്ടതുണ്ടെങ്കിൽ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമായും നടത്തേണ്ടതും, ആവശ്യമില്ലാത്ത ഹയർ ഓപ്ഷനുകൾ റദ്ദ് ചെയ്യേണ്ടതുമാണ്. ഓപ്ഷൻ കൺഫർമേഷൻ, റദ്ദാക്കൽ, പുനഃക്രമീകരണം എന്നിവയ്ക്കായി **17.12.2020** മുതൽ **21.12.2020 ഉച്ചയ്ക്ക് 12.00 മണി** വരെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ സൗകര്യം ഉണ്ടായിരിക്കുന്നതാണ്. **നിശ്ചിത സമയത്തിനുള്ളിൽ ഓപ്ഷൻ കൺഫർമേഷൻ നടത്താത്ത വിദ്യാർത്ഥികളെ യാതൊരു കാരണവശാലും ഈ അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല.** നേരിട്ടോ തപാൽ/ഫാക്സ്/ഇ–മെയിൽ മുഖാന്തിരമോ ഉള്ള ഓപ്ഷൻ കൺഫർമേഷൻ/ഹയർ ഓപ്ഷൻ പുനഃക്രമീകരണം/റദ്ദാക്കൽ എന്നിവയ്ക്കുള്ള അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

അലോട്ടുമെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

ഹെൽപ്പ് ലൈൻ നമ്പർ **0471 2525300**

തിരുവനന്തപുരം
17.12.2020

പ്രവേശന പരീക്ഷാ കമ്മീഷണർ